**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആയിരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകളാണ് നിലവിലുള്ളത് |
| (ബി) | സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>എസ്.പി.സി. പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിനോ, ഹയർ സെക്കൻഡറി വിഭാഗത്തിനോ കുറഞ്ഞത് 200 വിദ്യാർത്ഥികളെങ്കിലും ഉണ്ടായിരിക്കണം. ഒരു യൂണിറ്റ് നിലവിലുള്ള സ്കൂളുകളിൽ വീണ്ടും യൂണിറ്റ് അനുവദിക്കുകയില്ല.<br><br>അധ്യാപക – രക്ഷാകർതൃ സമിതി സജീവമായി പ്രവർത്തിക്കുകയും, ശിശു സൗഹാർദ്ദപരമായ മനോഭാവവും സന്നദ്ധതയും ഉള്ള രണ്ട് അധ്യാപകരെ സ്കൂളിൽ പദ്ധതി പ്രവർത്തനങ്ങൾ നയിക്കുന്നതിനായി നിയോഗിക്കേണ്ടതും, ടി അധ്യാപകർ കഴിവതും 50 വയസ്സിൽ താഴെയുള്ളവരും ശാരീരികക്ഷമതയുള്ളവരും ആക്ടീവായിട്ടുള്ളവരും ആയിരിക്കണം<br><br>ആൺകുട്ടികളും പെൺകുട്ടികളും ഉള്ള സ്കൂളുകളുടെ കാര്യത്തിൽ (Mixed Schools), പ്രോഗ്രാം നയിക്കുന്നതിന് തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകരിൽ ഒരാൾ ഒരു വനിതയായിരിക്കണം.<br><br>കായികക്ഷമത പരിശീലനത്തിനുള്ള ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.റ്റി. ഡ്രസ്സ് എന്നിവ മാറ്റാനുള്ള സൗകര്യം, മറ്റ് അവശ്യ സൗകര്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ